പഞ്ചായത്ത് ദിനാഘോഷങ്ങൾ, വകുപ്പിന്റെ വിവിധ എക്സിബിഷനുകൾ, പരിപാടികൾ എന്നിവയിലൂടെ മേൽ ആപ്ലിക്കേഷനുകൾക്ക് പ്രചരണം നൽകി വരുന്നു.

പഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

156 (2789) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉണ്ടോ ;

(ബി) എങ്കിൽ അവ ഏതെല്ലാം ; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിനുള്ള കേന്ദ്ര സഹായം എപ്രകാരമാണ് ; ഓരോ വർഷവും എത്ര തുക ലഭിച്ചു ; എത്ര തുക ചെലവഴിച്ചു ;

(ഡി) പ്രസ്തുത പദ്ധതികളിൽ സംസ്ഥാന വിഹിതം ഉണ്ടോ ; എങ്കിൽ ഓരോ വർഷവും നീക്കി വച്ചതുക എത്ര ; എത്ര തുക ചെലവഴിച്ചു ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

ചെറുകുളത്തൂർ പഞ്ചായത്ത്

157 (2790) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ ചെറുകുളത്തൂർ പഞ്ചായത്ത് രൂപീകരിക്കാനുള്ള തീരുമാനം സാമുദായിക ധ്രുവീകരണത്തിനു ഇടയാക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം, വിഭജനം എന്നിവ സംബന്ധിച്ച് പൊതുജനങ്ങളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനാധികാരികളുമായി നടത്തിയ ഹിയറിംഗിൽ ചെറുകുളത്തൂർ പഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിക്കാനുള്ള തീരുമാനം സാമുദായിക ധ്രുവീകരണത്തിനും ഇടയാക്കുമെന്ന് ചിലർ ആക്ഷേപം ഉന്നയിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് രൂപീകരണം/വിഭജനം സംബന്ധിച്ച മാനദണ്ഡങ്ങൾ പിന്തുടർന്ന് എസ്.ആർ.ഒ. നമ്പർ 241/2015 പ്രകാരം ചെറുകളത്തൂർ ഗ്രാമപഞ്ചായത്ത് രൂപീകരിച്ചു

കളിസ്ഥലങ്ങളിൽ ഡ്രൈവിംഗ് പരിശീലനം തടയാൻ നടപടി

158 (2791) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തിനുകീഴിലുള്ള കളി സ്ഥലങ്ങളിൽ ഡ്രൈവിംഗ് സ്കൂളുകൾ പരിശീലനം നൽകുന്നത് അനുവദിച്ചിട്ടുണ്ടോ ;

(ബി) വിദ്യാർത്ഥികളും, യുവാക്കളും മറ്റും കായിക പരിശീലനത്തിലും കളികളിലും ഏർപ്പെടുന്ന സമയത്ത് കളിസ്ഥലങ്ങളിൽ ഡ്രൈവിംഗ് സ്കൂളുകൾ ഡ്രൈവിംഗ് പരിശീലനം നൽകുന്നത് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) കളിസ്ഥലങ്ങളിൽ ഡ്രൈവിംഗ് പരിശീലനം തടഞ്ഞുകൊണ്ട് ബോർഡ് വച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനു നടപടി സ്വീകരിക്കുമോ ;

(ഡി) കുട്ടികൾക്ക് സുഗമമായി കളിക്കുന്നതിന് കളിസ്ഥലങ്ങളിൽ ഡ്രൈവിംഗ് പരിശീലനം നൽകുന്നില്ല എന്ന് ഉറപ്പ് വരുത്താനുള്ള ചുമതല പഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

159 (2792) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) 2014-15 വർഷത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം എപ്രകാരമായിരുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly